# മഴവില്ല്

ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2023-'24



വര: കാശിനാഥ് ബി എസ്,8 സി

## ഗവ.ഹയർസെക്കന്ററി സ്കൂൾ കൊടുവഴന്നൂർ

# മഴവില്ല്

## ലിറ്റിൽകൈറ്റ് മാഗസിൻ

## ഉള്ളടക്കം


| | | | |
|---|---|---|---|
| കഥ | മകൾക്കായി | അതുല്യ പ്രകാശ് | 3 |
| | പ്രിയപ്പെട്ടവൻ | അനുഗ്രഹ എ പി | 15 |
| | ചെവിയൻ | പ്രാർത്ഥന പ്രവീൺ | 17 |
| | സ്വപ്നസാഫല്യം | സ്വാലിഹ എസ് | 19 |
| | ഏട്ടൻ | അസ്ന സിയാദ് | 24 |
| | ലഹരിപ്പൂട്ട് | അനഘ ആർ ഡി | 25 |
| | ചിത്രശലഭങ്ങൾ | രഞ്ജിമ ആർ മനോജ് | 27 |
| കവിത | വെറുതെ ഒരു കാത്തിരിപ്പ് | പുണ്യ പി | 2 |
| | ഏകാന്തതയുടെ തടവറയിൽ | ഗോപിക വി എസ് | 14 |
| | കോൺ കണക്ക് | കൃതി കെ | 26 |
| യാത്രാവിവരണം | കൊടൈക്കനാൽ അനുഭൂതികൾ | നൂർജഹാൻ എസ് | 5 |
| | ധനുഷ്കോടിയിലേയ്ക്ക് | ശിവഗംഗ എസ് | 9 |
| അനുഭവക്കുറിപ്പ് | ഗണിത പ്രോജക്ട് | വൈഗ എം നായർ | 12 |
| ശാസ്ത്രലേഖനം | ഗ്രീൻ ഹൈഡ്രജൻ-നാളെയുടെ ഇന്ധനം | നിവേദിത എൻ എസ് | 8 |
| സ്കൂൾ വാർത്തകൾ...... മികവുകൾ.......... | | | 29 |


**ഗവ.ഹയർസെക്കന്ററി സ്കൂൾ കൊടുവഴന്നൂരിന്റെ school wiki പേജ് സന്ദർശിക്കാൻ QR Code സ്കാൻ ചെയ്യു.**

പത്രാധിപസമിതി

ചീഫ് എഡിറ്റർ: ലിനിലേഖ എസ്

എഡിറ്റേഴ്സ്: അനൂപ് ശശി(കൈറ്റ് മാസ്റ്റർ),സന്ധ്യ എസ് റ്റി(കൈറ്റ് മിസ്ട്രെസ്സ്)

അസോ.എഡിറ്റേഴ്സ്:അദ്വൈത് കൃഷ്ണ എ ഡി,കാശിനാഥ് വി കെ, ഗോപിക വി എസ്, ദേവദർശ് ആർ,ജെനി റോസ് ജെ,ഗാഥ പി എസ് (ലിറ്റിൽ കൈറ്റ്സ്)

# വെറുതെ ഒരു കാത്തിരിപ്പ്

കവിത
പുണ്യ പി. 8C



സ്മൃതിയുണരുമീ നിലാവിൻ തീരത്ത്
നിഴലുറങ്ങുമീ തമസിൻ ചാരത്ത്
മിഴിയുറങ്ങുമീ രാവിൻ ഓരത്ത്
ഇരുളടഞ്ഞ കിനാവുമായി ഞാൻ
കാത്തിരിക്കുന്നു നിന്നെ കാത്തിരിക്കുന്നു
ചക്രവാളം നിറം വരയ്ക്കും സന്ധ്യയിൽ
ഹിമകണം തിളങ്ങും പുലരിയിൽ
കുളിർമാരി പൊഴിയും രജനിയിൽ
മനം നിറഞ്ഞൊരു  സ്വപ്നവുമായി
ഞാൻ കാത്തിരിക്കുന്നു
നിന്നെ കാത്തിരിക്കുന്നു
അനന്തമാം ഈ പാതതൻ ഓരത്ത്
തണലുറങ്ങുമീ തെരുവിൽ കീഴിൽ
പൊന്നണിഞ്ഞൊരീ വയലിന്നരികത്ത്
മിഴി നിറഞ്ഞൊരീ കനവുമായി
ഞാൻ കാത്തിരിക്കുന്നു
നിന്നെ കാത്തിരിക്കുന്നു.

# മകൾക്കായി

കഥ
അതുല്യ പ്രകാശ് 10 D



**ടീ**ച്ചറമ്മേ... നിറവയറോടെ ഒരു സ്ത്രീ ആ വിളി കേട്ട് തിരിഞ്ഞു നോക്കി. ഏകദേശം എട്ടു വയസ്സു പ്രായമായ ഒരു കുട്ടിയാണ് വിളിച്ചത്. തന്റെ മലയാളം അധ്യാപികയെ. അവൾ തന്റെ ടീച്ചറമ്മയ്ക്ക് കൊടുക്കാൻ ഒരു റോസാപ്പൂവ് കൊണ്ടുവന്നിരിക്കു ന്നു. ആറേഴു മാസങ്ങളായി തങ്ങ ളുടെ ടീച്ചറമ്മയുടെ കുഞ്ഞുവാവ യെ കാത്ത് ഒരുകൂട്ടം കുഞ്ഞു ങ്ങൾ അക്ഷമരായി കാത്തിരി ക്കുകയാണ്. ആ കുഞ്ഞു കൊണ്ടുവന്ന സ്നേഹോപഹാരം സന്തോഷത്തോടെ ഒരു ചുംബനം നൽകിക്കൊണ്ട് ഏറ്റുവാങ്ങി.

ടീച്ചറമ്മ, ആ പിഞ്ചുമക്കൾക്ക് അവർ വെറുമൊരു അധ്യാപിക മാത്രമായിരുന്നില്ല. കല്യാണം കഴിഞ്ഞ് ഏതാണ്ട് നാലര വർഷങ്ങൾക്ക് ശേഷമാണ് അമ്മയാകാനുള്ള അവസരം ടീച്ചറമ്മയ്ക്ക് ലഭിച്ചത്. ഏഴരമാസംവരേയും ടീച്ചറമ്മ താൻ പഠിപ്പിക്കുന്ന കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ വരുമായിരുന്നു. പ്രസവം നേരത്തെ കാണും. കുറച്ചു കോംപ്ലിക്കേഷൻ ഉള്ള വിവരം ഡോക്ടർ നേരത്തെ ധരിപ്പിച്ചതാണ്. പറഞ്ഞ ദിവസം അവർ ആശുപത്രിയിൽ അഡ്മിറ്റ് ആയി. ജൂലായ് നാലിന് അർദ്ധരാത്രി ഏതാണ്ട് ഒന്നര മണിയോടെ അവൾ പിറന്നു 'ജനനി' എല്ലാ കുഞ്ഞുങ്ങളും പിറ്റേദിവസം ടീച്ചറമ്മയുടെ കുഞ്ഞുവാവയെ കാണാൻ വന്നു.

ജനനി അവൾ വളരുകയാണ്. ഇപ്പോൾ അവൾക്ക് അഞ്ചുവയസ്സായി. അവൾ കുഞ്ഞിലേതന്നെ നല്ല പക്വതയും വീണ്ടുവിചാരവുമുള്ള കുട്ടിയായിരുന്നു.

തന്റെ അമ്മ പഠിപ്പിക്കുന്ന സ്കൂളിൽതന്നെ അവളെയും ചേർത്തു. നന്മയോടെയും സഹായ മനോഭാവത്തോടുകൂടിയും അവൾ വളർന്നു. ആ ടീച്ചർ അവളെ വളർത്തി ഇപ്പോൾ അവൾ വലിയ കുട്ടിയായി പത്താം ക്ലാസിൽ ഫുൾ എ പ്ലസ്സോടുകൂടി വിജയിച്ചു.

അവൾ പ്ലസ് ടുവിലെ റിസൾട്ട് കാത്തിരിക്കുകയാണ്. ആ അമ്മയ്ക്ക് ഇതിൽപരം ഒരു സന്തോഷമില്ല ഏതൊരു അമ്മയെയും പെൺമക്കൾ സ്നേഹിക്കുന്നതിനേക്കാൾ എത്രയോ മടങ്ങ് ആ മകൾ അമ്മയെ കരുതലോടെ സ്നേഹിച്ചു. ഇപ്പോൾ ആ അമ്മ സന്തോഷത്തിന്റെ കൊടുമുടി സ്പർശിച്ചിരിക്കുകയാണ്. പക്ഷേ അപ്പോൾ ആ അമ്മ അറിഞ്ഞിരുന്നില്ല ആ സ്നേഹത്തിന് ഏറെ ആയുസ്സില്ലായെന്ന്. പ്ലസ്ടുവിലും അവൾ ഫുൾ മാർക്കോടെ വിജയിച്ചു. ആ സന്തോഷ വേളയിൽ സ്കൂൾ അവൾക്ക് ഒരു സ്നേഹോപഹാരം നൽകാൻ തീരുമാനിച്ചു. ആ ഉപഹാരം വാങ്ങാൻ അവൾ സ്കൂളിൽ എത്തി. അത് കയ്യിൽ വാങ്ങുന്നതിന് മുൻപ് തന്നെ അവൾ ബോധം നഷ്ടപ്പെട്ട് നിലത്തുവീണു. ആ കാഴ്ചയിൽ നിശ്ചലയായി ആ അമ്മ, പക്ഷേ വേഗം അവളെ അവർ ആശുപത്രിയിൽ എത്തിച്ചു. അതെ... അവൾക്ക് ബ്ലഡ്ക്യാൻസറാണ് അതും മൂർദ്ധ്യന്യാവസ്ഥയിൽ. ചികിത്സചെയ്യാനുള്ള ഘട്ടം കഴിഞ്ഞിട്ട് ഏറെയായി. ഇനി ഒരു മാർഗ്ഗവുമില്ല. ആ സത്യം ഉൾക്കൊള്ളാൻ അമ്മ തയ്യാറായില്ല. പക്ഷേ അതിനുമുമ്പ് ആഗ്രഹങ്ങൾ ബാക്കി വച്ച് അവൾ യാത്രയായി. തികച്ചും അവിചാരിതവും ആകസ്മികവും ആയിരുന്നു ആ മരണം. ഒരു തെന്നലായിവന്ന് ജീവിക്കാൻ പ്രേരിപ്പിച്ച് കടന്നുപോയി. ഇതായിരുന്നു അവൾ. രണ്ടുവർഷക്കാലം എടുത്തു ആ അമ്മ തന്റെ മകളുടെ മുഖം തന്റെ മനസ്സിന്റെ ഒരു കോണിലേക്ക് ഒതുക്കി വയ്ക്കാൻ. ശേഷിക്കുന്ന കാലം കണ്ണീർത്തുറച്ച് പുസ്തകങ്ങളിൽ അവർ ഒതുങ്ങി. ഒടുവിൽ അവർ തന്റെ ഒരു പുസ്തകത്തിൽ എഴുതി.

“നിന്നെപ്പോലൊരു മകൾ ആർക്കാണ് ഉണ്ടാവുക! നിന്നെപ്പോലെ ഒരു മകളുടെ അമ്മയാകാൻ കഴിഞ്ഞതാണ് എന്റെ ഏറ്റവും വലിയ ഭാഗ്യം നിന്നെ നഷ്ടമായതാണ് എന്റെ ഏറ്റവും വലിയ ദൗർഭാഗ്യവും. “

# കൊടൈക്കനാൽ അനുഭൂതികൾ

യാത്രാവിവരണം
നൂർജഹാൻ എസ്. 8B



**മ**നസ്സിനെ കോരിത്തരിപ്പിക്കുന്ന പ്രകൃതിയുടെ മനോഹാരിതയുടെ വ്യത്യസ്തമായ പുതിയ മുഖങ്ങൾ തേടിയുള്ള യാത്രയിൽ എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ട ഒരു യാത്ര. അതാണ് കൊടൈക്കനാൽ... ഏതാണ്ട് ഒന്നരമാസം മുമ്പ്തന്നെ പ്ലാൻ ചെയ്തതാണ് ഈ യാത്ര. കൊടൈക്കനാലിൽ റിസോർട്ടും യാത്രയ്ക്കുള്ള ഇന്നോവയും ഒരുമാസം മുമ്പ്തന്നെ റെഡിയായി. ഒക്ടോബർ ഒന്നിന് പോകാൻ ആയിരുന്നു പ്ലാൻ എങ്കിലും അത് മൂന്നിലേക്ക് മാറ്റി. ഒക്ടോബർ മൂന്നാം തീയതി അതിരാവിലെതന്നെ നാലുമണിയോടുകൂടി ഞങ്ങൾ യാത്ര ആരംഭിച്ചു. മൂന്നാർ വഴിയാണ് പോയത്. ഈ യാത്രയിൽ എന്നോടൊപ്പം പങ്കുചേരാൻ എന്റെ കുടുംബക്കാരും ഉണ്ട്. മൂന്നാറിന്റെ ഭംഗി മന:പാഠമാക്കിയ എനിക്ക് അതൊരു പുതിയ അനുഭവം ആയിരുന്നില്ല. ഹൈറേഞ്ചിൽ കൂടിയുള്ള

യാത്ര വല്ലാതെ തളർത്തി. തേയിലത്തോട്ടങ്ങൾ പതിവ് കാഴ്ചകൾ എന്നപോലെ ഞങ്ങൾക്ക് തോന്നി. അതുകൊണ്ട് ഞങ്ങളാരും അവിടെ നിന്നും ഒരു ഫോട്ടോപോലും എടുത്തില്ല. മറയൂരിൽനിന്നും ഉച്ച ഭക്ഷണം കഴിച്ച് ഞങ്ങൾ കോവിൽ കടവിലേക്കാണ് പോയത്. അവിടെ മുനിയറ ഉള്ള പാറക്കൂട്ടങ്ങൾ ഉണ്ട് എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. മുനിയറ- പണ്ട് പ്രായമാകുന്നവരെ ആ അറയ്ക്കുള്ളിൽ ഉപേക്ഷിച്ചു പോകും എന്നാണ് അവിടെ ഉള്ളവർ പറയുന്നത് കോരിച്ചൊരിയുന്ന മഴയത്താണ് ഞങ്ങൾ അവിടെ എത്തിയത്. എന്നാലും ഞാനും എന്റെ കുടുംബവും അവിടെയൊക്കെ ഇറങ്ങി. പാറകൾ കൊണ്ടുണ്ടാക്കിയ ഒരുപാട് മുനിയറകൾ ഞങ്ങൾ അവിടെ കണ്ടു. മഴ പ്രകൃതിയുടെ സുന്ദരമായ മറ്റൊരു മുഖംമൂടിയാണ്. ആ മനോഹാരിത അവിടെ കൂടുതൽ ഭംഗിയിൽ പെയ്തിറങ്ങി. മഴയിൽ കുതിർന്ന ഞങ്ങൾ വസ്ത്രങ്ങളൊക്കെ മാറ്റി യാത്ര തുടർന്നു. അഞ്ചുമണിയോടുകൂടി കൊടൈക്കനാൽ എത്താനായിരുന്നു ഞങ്ങളുടെ പ്ലാൻ എങ്കിലും അപ്പോൾതന്നെ സമയം വളരെ അതിക്രമിച്ചിരുന്നു. മഴ ഇടയ്ക്കിടെ വന്നു പോയിക്കൊണ്ടിരുന്നു. പിറ്റേന്നത്തെ ഞങ്ങളുടെ പരിപാടികളെല്ലാം തെറ്റുമോ എന്ന പേടി തോന്നി.

എട്ടുമണിയോടുകൂടി ഞങ്ങൾ കൊടൈക്കനാലിൽ എത്തി. മഴയും മഞ്ഞും ഉണ്ടായിരുന്നുവെങ്കിലും അത്ര അസഹനീയമായി തോന്നിയില്ല. അവിടെനിന്ന് തൊട്ടടുത്ത് തന്നെയായിരുന്നു ഞങ്ങൾ ബുക്ക് ചെയ്ത താമസസ്ഥലം. അത്യാവശ്യം നല്ല സൗകര്യമുള്ള മുറികളാണ്. അങ്ങനെ അന്നത്തെ ദിവസം ഞങ്ങൾ അവിടെ തങ്ങി. പിറ്റേന്ന് രാവിലെ അലാറം കേട്ടാണ് ഞാൻ എണീറ്റത്. പിന്നെ ഉറക്കം കിട്ടിയില്ല. ഞങ്ങൾ എല്ലാവരും ആഹാരം ഒക്കെ കഴിച്ചു. തലേദിവസത്തെ പ്ലാൻ പോലെതന്നെ എല്ലാവരുംതന്നെ എട്ടു മണിയോടുകൂടി റെഡിയായി. അന്നു ഞങ്ങൾ പോയത് കോക്ക് വാക്ക് വ്യൂ എന്ന സ്ഥലത്തേക്കാണ്. കൊടൈക്കനാലിൽ ഞാൻ എന്ത് കാണാൻ ആഗ്രഹിച്ചുവോ അത് അവിടെ കാണാൻ കഴിഞ്ഞു. മഞ്ഞിന്റെ ഭംഗി അത് മേഘങ്ങളെ പോലെ... മേഘമാണോ മഞ്ഞ് ആണോ എന്ന് മനസ്സിലാക്കാൻ വളരെ പ്രയാസം തന്നെയാണ്. മനസ്സിന്

കുളിര് നൽകുന്ന ആ കാഴ്ച ഒന്ന് കാണേണ്ടത് തന്നെയാണ്. എത്ര കണ്ടാലും മതിവരാത്ത ആ കാഴ്ചകൾ മനസ്സിൽ പതിച്ചശേഷം ഞങ്ങൾ അവിടെനിന്നും യാത്രതിരിച്ചു. അവിടെനിന്നും ഞങ്ങൾ പോയത് പില്ലർ റോക്സ് കാണാനാണ്. ദൂരെനിന്ന് കണ്ടപ്പോൾ ഒരു കൂറ്റൻപാറ. കോടമഞ്ഞിൽ അത് കാണാൻതന്നെ പ്രയാസമായിരുന്നു. നേരത്തെ കണ്ട അത്രയും സുന്ദരം അല്ലെങ്കിലും ഈ കാഴ്ചയും മനോഹരം തന്നെയാണ്. ഞങ്ങൾ അവിടെനിന്നും യാത്ര തുടർന്നു. അപ്പർ തടാകം വ്യൂ ആയിരുന്നു അടുത്തത്. പ്രത്യേകിച്ച് ഒന്നുംതന്നെ അവിടെ ഇല്ല. മുകളിൽനിന്നും ദൂരെ കൊടൈക്കനാൽ തടാകം കാണാം. പെട്ടെന്നുതന്നെ ഞങ്ങൾ അവിടെനിന്നും തിരിച്ചു. അപ്പോഴേക്കും മഴ ചാറി തുടങ്ങി. തടാകത്തിന്റെ അടുത്തേക്കാണ് ഞങ്ങൾ പോയത്. മഴയുടെ കാഠിന്യം അപ്പോഴേക്കും കൂടിയിരുന്നു. ബോട്ടിംഗ് നടത്തണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അത് നടന്നില്ല. ഉച്ചഭക്ഷണം കഴിഞ്ഞു ഞങ്ങൾ മറ്റൊരു യാത്രയ്ക്ക് വിരാമം കുറിച്ചു കൊടൈക്കനാൽ ചുരം ഇറങ്ങി. ഓർമ്മയുടെ യാത്രയിൽ ഒരു പൊൻതൂവൽ കൂടി.



# ഗ്രീൻ ഹൈഡ്രജൻ- നാളെയുടെ ഇന്ധനം

**ശാസ്ത്രലേഖനം**
**നിവേദിത എൻ. എസ്. IX. C**




ജി.ട്വന്റി ഉച്ചകോടിയിൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഹൈഡ്രജന്റെ ഉത്പാദനം വർദ്ധിപ്പിക്കാൻ ഒരുങ്ങുകയാണ് ഇന്ത്യ.

വരുന്ന 30 വർഷത്തിനുള്ളിൽ രാജ്യത്തെ കാർബൺ വിമുക്തമാക്കുക എന്നതാണ് ഇന്ത്യയുടെ പ്രഖ്യാപിതനയം. പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് ജലത്തെ വൈദ്യുതവിശ്ലേഷണംനടത്തി ഉല്പാദിപ്പിക്കുന്നതാണ് ഗ്രീൻഹൈഡ്രജൻ. വിവിധ വ്യവസായ ശാലകളിൽനിന്നുള്ള കാർബണിന്റെ പുറന്തള്ളൽ പ്രതിരോധിക്കുന്നതിനുള്ള ഒരു സംവിധാനമാണ് ഗ്രീൻഹൈഡ്രജൻ പ്ലാന്റ്.

നാമിപ്പോൾ ലാഭത്തേക്കാൾ സുസ്ഥിരതയിലാണ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ദേശീയ ഊർജ്ജവകുപ്പിന്റെ കണക്കനുസരിച്ച് 2030 ഓടെ പുനരുപയോഗ ഊർജ്ജവിഹിതം 50% ആയി ഉയർത്തുവാനും 2070 ഓടെ നെറ്റ്സീറോ എമിഷൻ നേടുവാനും സാധിക്കും. കാർബൺ പുറത്തു വിടാതെ ഹൈഡ്രജൻ ഉണ്ടാക്കുന്നതിലൂടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റാനും ആഗോള താപനത്തിനും എന്ന പ്രശ്നത്തിനും പരിഹാരം കാണാൻ കഴിയും.

ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറച്ച് ആഗോളതാപനം കുറയ്ക്കാനും പ്രതിശീർഷ ഊർജ്ജ ഉപയോഗചെലവ് കുറയ്ക്കാനും ഹൈഡ്രജൻ ഇന്ധനത്തിന് കഴിയുന്നു. ഹൈഡ്രജൻ ഉപയോഗത്തിലൂടെ ഊർജ്ജസുരക്ഷ സുസ്ഥിരത ലഭ്യത എന്നിവയോടൊപ്പം സാമ്പത്തിക നേട്ടവും കൈവരിക്കാം.

# ധനുഷ്കോടിയിലേക്ക്...

**യാത്രാവിവരണം**
**ശിവഗംഗ എസ്. 8 C.**



ഞാൻ ഈ യാത്രതിരിക്കുന്നത് 2023 മേയ് പത്തിനാണ്. ഞങ്ങൾ പോകുന്നത് രണ്ടുദിവസത്തെ യാത്രയ്ക്കാണ്. ഒരു കുഞ്ഞുബസ്സിൽ എന്റെ കുടുംബത്തിലെ എല്ലാവരും ഉണ്ട്. നമ്മൾ യാത്രപോകാൻ ഉദ്ദേശിക്കുന്ന സ്ഥലം ധനുഷ്കോടിയാണ്. ഈ സ്ഥലം നമ്മൾ തിരഞ്ഞെടുക്കാൻ കാരണം ഇന്ത്യയിലെ തമിഴ്നാട് സംസ്ഥാനത്ത് രാമേശ്വരം എന്ന ദ്വീപിന്റെ തെക്ക്കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന ഒരു ഉപേക്ഷിക്കപ്പെട്ട പട്ടണമായതിനാലാണ്. രാമേശ്വരത്തിന് തെക്ക്കിഴക്കായി ശ്രീലങ്കയിലെ തലയ്മന്നാറിന് ഏകദേശം 29 കിലോമീറ്റർ പടിഞ്ഞാറായി ഇത് സ്ഥിതി ചെയ്യുന്നു. 1964 ൽ രാമേശ്വരത്തുണ്ടായ അതിഭയങ്കരമായ ചുഴലി കൊടുങ്കാറ്റിനെ തുടർന്ന് ഈ നഗരം പൂർണ്ണമായി നശിക്കപ്പെടുകയും ഇന്നും കാര്യമായ ജനവാസമില്ലാത്ത ഒരു പ്രേതനഗരമായി തുടരുകയും ചെയ്യുന്നു. ഇതൊക്കെ കേട്ടപ്പോൾ നമുക്കൊരു കൗതുകവും ആകാംക്ഷയും തോന്നിയാണ് ഈ സ്ഥലം തിരഞ്ഞെടുത്തത്. നമ്മൾ മെയ് 10 ന്

തന്നെ ഇവിടെനിന്ന് പുറപ്പെട്ടു. നമ്മൾ പുറപ്പെട്ടത് അതിരാവിലെ ഒരു മണിക്കാണ്. അതുകൊണ്ട് ഏകദേശം ആറുമണിയായപ്പോൾ നമ്മൾ പാമ്പൻപാലത്തിൽ എത്തി. തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലയുടെ ഭാഗമായ പാമ്പൻ ദ്വീപിനെ കരയുമായി ബന്ധിപ്പിക്കുന്ന പാലമാണ് പാമ്പൻപാലം. തീവണ്ടിക്ക് പോകാനുള്ള പാലവും മറ്റു വാഹനങ്ങൾക്കായുള്ള പാലവും സമാന്തരമായി ഉണ്ടെങ്കിലും തീവണ്ടി പാലത്തിന് ആണ് പ്രധാനമായും പാമ്പൻപാലം എന്ന് വിളിക്കുന്നത്. റോഡ് പാലത്തെക്കാൾ പതിറ്റാണ്ടുകളുടെ പഴക്കമുള്ള തീവണ്ടിപ്പാലത്തിന് ഈ പേര് പണ്ടേ പതിഞ്ഞിരുന്നു. ഒരു നൂറ്റാണ്ടോളം പഴക്കമുള്ള പാമ്പൻപാലം രാജ്യത്തെ എൻജിനീയറിങ് വിസ്മയങ്ങളിൽ ഒന്നായാണ് കണക്കാക്കുന്നത്. 2345 മീറ്റർ നീളമുള്ള പാമ്പൻപാലം രാജ്യത്തെ ഏറ്റവും നീളമുള്ള കടൽപ്പാലമാണ്. കപ്പലുകൾക്ക് കടന്നുപോകാൻ സൗകര്യമൊരുക്കി പകുത്തുമാറാൻ കഴിയുന്ന രീതിയിലാണ് പാലത്തിന്റെ നിർമ്മാണം. പ്രധാന കരയ്ക്കും രാമേശ്വരം ഉൾപ്പെടുന്ന പാമ്പൻദ്വീപിനും ഇടയിലുള്ള പാക്ക്കടലിടുക്കിന് കുറുകെയാണ് പാലം. മീറ്റർഗേജ് തീവണ്ടികൾക്ക് മാത്രം കടന്നുപോകാൻ കഴിഞ്ഞിരുന്ന പഴയ പാലം റെയിൽവേ വിപുലീകരണത്തിന്റെ ഭാഗമായി 2007ൽ ബ്രോഡ്ഗേജ് ആയിമാറി. ഇത്രയധികം പ്രത്യേകതകൾ ഉണ്ടെന്ന് അവിടെനിന്ന ഒരാളാണ് പറഞ്ഞുതന്നത്. സൂര്യോദയവും കണ്ടിട്ട് നമ്മൾ യാത്രതുടർന്നു. അവസാനം നമ്മൾ ധനുഷ്കോടിയിൽ എത്താറായി. അതിനിടയിൽ നമ്മൾ ഭക്ഷണം കഴിക്കാൻ ഇറങ്ങിയിട്ട് വീണ്ടും യാത്ര തുടർന്നു. അങ്ങനെ നമ്മൾ ധനുഷ്കോടിയിലെത്തി. അവിടെ എത്തിയപ്പോഴാണ് ആ നഗരത്തെക്കുറിച്ച് കുറച്ചുകൂടി അറിയാൻ കഴിഞ്ഞത്. തമിഴ്നാടിന്റെ കിഴക്കൻ തീരത്ത് ഏകദേശം തെക്കോട്ട് മാറി മാന്നാർ ഉൾക്കടലിലേക്ക് നീണ്ടുകിടക്കുന്ന രാമേശ്വരം ദ്വീപിന്റെ തെക്കേയറ്റം ആണ് അത്. ഇതിന് കിഴക്കുഭാഗത്തെ സമുദ്രം ബംഗാൾ ഉൾക്കടലും പടിഞ്ഞാറുഭാഗത്ത് ഇന്ത്യൻ മഹാസമുദ്രവുമാണ്. ഒരു പഴയ തുറമുഖ പട്ടണം ആയിരുന്നു മുൻകാലത്തെ ധനുഷ്കോടി.


ഈ ദ്വീപിനെ ബന്ധിപ്പിക്കുന്നത് പാമ്പൻ പാലമാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയും ശ്രീലങ്കയും തമ്മിലുണ്ടായിരുന്ന കപ്പൽ ഗതാഗതത്തിലെ ഒരു പ്രധാന

കണ്ണിയായിരുന്നു ഈ ചെറിയ തുറമുഖം. ഇന്ന് അവിടം മത്സ്യബന്ധന വ്യവസായത്തിന് പേരുകേട്ടതാണ്. പുരാണപ്രസിദ്ധമായ രാമേശ്വരവുമായുള്ള ബന്ധം മൂലം ധനുഷ്കോടിയും ഹിന്ദുക്കളുടെ പുണ്യതീർത്ഥാടന കേന്ദ്രമായിരുന്നു. 1964 ഡിസംബർ 22 മുതൽ 25 വരെ വീശിയടിച്ച ചുഴലിക്കാറ്റിൽ സമുദ്രനിരപ്പിൽനിന്നും അധികം ഉയരത്തിൽ അല്ലാതെ ഒരു വലിയ മണൽത്തിട്ടപോലെ കിടക്കുന്ന ധനുഷ്കോടി പ്രദേശമാകെ തകർന്നടിഞ്ഞിരുന്നു. എന്നാൽ 2004 ഡിസംബർ 26 സുനാമി ധനുഷ്കോടിയെ ബാധിച്ചില്ല. വെള്ളം അല്പം ഉയർന്നശേഷം പിന്നിലേക്ക് പോകുകയാണ് ഉണ്ടായത്. ഇതെല്ലാം കേട്ടതിനു ശേഷം അവിടം ചുറ്റി കാണാൻ പോയി. അവിടെ ഇപ്പോഴും ആ ചുഴലിക്കാറ്റ് അടിച്ചു നശിപ്പിച്ചത്തിന്റെ അവശിഷ്ടങ്ങൾ കാണാൻ കഴിയും. അതെല്ലാം കണ്ടു നമ്മൾ ഏറ്റവും അറ്റത്ത് എത്തിയപ്പോഴാണ് അവിടെ നിന്നാൽ ശ്രീലങ്കയിലെ ഒരു ചെറിയ പട്ടണം കാണാൻ കഴിഞ്ഞത്. പിന്നെ നമ്മൾ കുറച്ചു സമയം അവിടെ നിന്നിട്ട് ഞങ്ങൾ പുറപ്പെട്ടു. അപ്പോഴേക്കും രാത്രിയായി. നമ്മൾ ഒരു സ്ഥലത്ത് മുറിയെടുത്തു അവിടെ കിടന്നുറങ്ങി. പിറ്റേദിവസം രാവിലെതന്നെ രാമേശ്വരം അമ്പലത്തിലേക്ക് പോയി. അവിടെ എത്തിയപ്പോൾ രാവിലെ 9 മണി ആയെങ്കിലും നമ്മൾ അവിടെ കയറി. പക്ഷേ തിരിച്ചിറങ്ങിയപ്പോൾ ഉച്ചയ്ക്ക് 12 മണിയായിരുന്നു. ഞങ്ങൾ പിന്നെ ഭക്ഷണം കഴിച്ചിട്ട് കടലിലേക്ക് പോയി. ബംഗാൾ ഉൾക്കടൽ ഭയങ്കര നിശബ്ദതയിൽ ആയിരുന്നു. പക്ഷേ ഇന്ത്യൻമഹാസമുദ്രം നിശബ്ദതയിൽ അല്ലായിരുന്നു. അവിടെയൊക്കെ ക്കാണാൻ നല്ല ഭംഗിയായിരുന്നു. പിന്നെ രാത്രിയായപ്പോൾ വീട്ടിലേക്ക് യാത്രതിരിച്ചു.



# ഗണിത പ്രോജക്ട്

**അനുഭവക്കുറിപ്പ്_**
**വൈഗ എം.നായർ 9. C**




ഞങ്ങളുടെ സ്കൂളിൽനിന്നും ഗണിതശാസ്ത്രമേളയ്ക്കായി വേണ്ട തയ്യാറെടുപ്പുകൾ നടത്തുന്ന അവസരത്തിൽ ഗണിതഗ്രൂപ്പ് പ്രോജക്ടിനായി ഞങ്ങൾ തിരഞ്ഞെടുത്ത വിഷയം സംഖ്യകളുടെ ഘടകങ്ങളുടെ പ്രത്യേകതകൾ ആണ്. സംഖ്യകളുടെ ഘടകങ്ങൾ കണ്ടെത്താൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നും ഫാക്ടേഴ്സിന്റെ എണ്ണത്തെ അടിസ്ഥാനമാക്കി സംഖ്യകൾ കണ്ടെത്താൻ കഴിയുമോഎന്നും ഞങ്ങൾ ചിന്തിച്ചു. അതിൽ തന്നെ 100 ഫാക്ടേഴ്സുള്ള സംഖ്യ ഏതാണെന്ന് കണ്ടെത്താനുള്ള ശ്രമവും ആരംഭിച്ചു. 250 വരെയുള്ള സംഖ്യകളുടെ ഘടകങ്ങൾ എഴുതി നോക്കിയിട്ടും അതിലൊന്നും 100 ഘടകങ്ങൾ ഉള്ള സംഖ്യ കണ്ടെത്താൻ കഴിഞ്ഞില്ല. മറ്റു വഴികൾ ഞങ്ങൾ ആലോചിച്ചു. ടീച്ചറിനോട് ഇതിനെക്കുറിച്ച് സംസാരിച്ചു. ടീച്ചർ ഒരു പരിഹാരം പറഞ്ഞുതന്നു. സംഖ്യകളെ പ്രൈംനമ്പേഴ്സിന്റെ ഗുണനഫലമായി എഴുതി അതിന്റെ പവർ (exponent) എഴുതി കണ്ടുപിടിക്കാൻ ശ്രമിക്കൂ എന്ന് ടീച്ചർ പറഞ്ഞു. തുടർന്ന് നമ്മൾ 250 വരെയുള്ള

സംഖ്യകളെ പ്രൈം നമ്പേഴ്സിന്റെ ഗുണനഫലമായി എഴുതി കൃത്യം രൂപത്തിൽ ആക്കി. പട്ടിക വിശകലനം ചെയ്തതിൽനിന്നും 'n' എന്ന എണ്ണൽ സംഖ്യയെ n=pn എന്ന് എഴുതാമെങ്കിൽ n ന് n+1 ഫാക്ടേഴ്സ് ഉണ്ടെന്ന് മനസ്സിലാക്കി. അതുപോലെ p1, p2, p3 ഇവ പ്രൈംനമ്പേഴ്സ് n ഒരു എണ്ണൽ സംഖ്യയെ p1a1 x p2a2 x p3a3 x etc... എന്ന രൂപത്തിൽ എഴുതാമെന്ന് മനസ്സിലാക്കി. n ന് (a1+1) (a2+1) (a3+1) etc... ഘടകങ്ങൾ ഉണ്ടായിരിക്കും. അപ്പോൾ p1, p2, p3 ഇവ പ്രൈം നമ്പേഴ്സ് ആയിരിക്കുമെന്നും മനസ്സിലാക്കി.

പിന്നീട് ഞങ്ങൾ ഒരു സംഖ്യ തന്നാൽ അതിന് എത്ര ഘടകങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നതിനുള്ള അന്വേഷണം ആയിരുന്നു. അതിനായി ആദ്യം തന്നെ ഫാക്ടേഴ്സിന്റെ എണ്ണം തന്നിരുന്നാൽ ആ സംഖ്യയെ ഫാക്ടറൈസ് ചെയ്യുന്നു. പിന്നീട് അതിൽനിന്നും ഒന്നുവീതം കുറയ്ക്കുന്നു. കുറച്ചു കിട്ടുന്ന സംഖ്യകളെ പ്രൈംനമ്പേഴ്സ്ന്റെ കൃത്യങ്കമായും എഴുതി. പിന്നീട് അവ തമ്മിൽ ഗുണിക്കുന്നതാണ് ഉത്തരം എന്ന് ഞങ്ങൾ കണ്ടെത്തി.

ഇതിന്റെ അടിസ്ഥാനത്തിൽ 100 ഘടകങ്ങളുള്ള സംഖ്യയെ കണ്ടെത്തുവാനും ഞങ്ങൾക്ക് സാധിച്ചു. അതിൽ ഏറ്റവും ചെറിയ സംഖ്യ 45360 ആണെന്നും കണ്ടെത്തി. ഏറ്റവും ചെറിയസംഖ്യ കിട്ടാൻ വലിയ കൃതികൾ ചെറിയ സംഖ്യകൾക്ക് കൊടുത്താൽ മതി എന്നും ടീച്ചർ പറഞ്ഞു തന്നു. ഇങ്ങനെയാണ് നൂറു ഘടകങ്ങളുള്ള ഏറ്റവും ചെറിയ സംഖ്യ ഞങ്ങൾ കണ്ടെത്തിയത്.

ഞങ്ങളുടെ ഇത്തരം നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രൊജക്റ്റ് എഴുതി തയ്യാറാക്കുകയും ചെയ്തു. പ്രോജക്ടിന് ടീച്ചറുടെ എല്ലാ പിന്തുണയും ഞങ്ങൾക്ക് ലഭിച്ചു. ഇത് ഞങ്ങൾക്ക് അനുഭവമാണ് നൽകിയത്. അത്തരത്തിൽ ഘടകങ്ങളെ സംബന്ധിച്ചുള്ള ഈ പ്രോജക്ടിന് 'ഘടകങ്ങൾ ചിരിക്കുന്നു' എന്നാണ് ഞങ്ങൾ പേര് നൽകിയത്.

# ഏകാന്തതയുടെ തടവറയിൽ

കവിത
ഗോപിക വി.എസ്. 9C

ഏകാന്തതയുടെ വിജനമാം വീഥിയിൽ
ഏകയായി ഖിന്നയായി നിന്നോരമ്മ!
കണ്ണിലെ കൃഷ്ണമണി പോൽ വളർത്തിയ
മകളെ ഓർത്തു നെടുവീർപ്പുമായി.
വൃദ്ധസദനത്തിന്റെ ചുമരുകൾക്കുള്ളിലായി
കണ്ണുനീർ വാർത്തു കഴിഞ്ഞിടുന്നു.
മറവിയാം  മാറാലയ്ക്കുള്ളിൽ നിറഞ്ഞൊരാ
ചിന്തകൾ ഒന്നായി പുറത്തുവന്നു.
അകലെ കഴിയുന്ന മക്കളെ കാണുവാൻ
അകതാരിൽ ആശകൾ കാത്തു നിന്നു.
അകലത്താവഴിയിലൊരാൾ വെട്ടം കാണവേ
അമ്മതൻ കൺകൾ വിടരും പ്രതീക്ഷയാൽ
പതിവുപോൽ തന്റെ പ്രതീക്ഷകൾ ഒക്കെയും
വെറുതെയാണെന്ന തിരിച്ചറിവിൽ
നിരാശയുംദുഃഖവുംഉള്ളിലൊളിപ്പിച്ചോരാമ നം
തേങ്ങുന്നതാ രുമറിഞ്ഞില്ല
വേനലും വർഷവും ഒരുപാട് വന്നുപോയി
ഓണവും വിഷുവും കടന്നുപോയി.
അമ്മതന്നുള്ളിലെ പൂക്കാമരം മാത്രം
മാറ്റങ്ങൾ ഇല്ലാതെ നിന്നിടുന്നു.
ആശ നിരാശകളിൽ ഉള്ളിലൊളിപ്പിച്ച
ആരെയോ തേടുന്നാ കണ്ണു രണ്ടും!
ഒന്നല്ല ഒരായിരം ചിത്രങ്ങളിതുപോലെ
കാണുന്നു നിത്യവും നാട്ടിൽ എങ്ങും.
തേങ്ങൽ അടങ്ങാത്തൊരമ്മതന്നുള്ളം
അലകളടങ്ങാത്ത കടലുപോലെ.



# പ്രിയപ്പെട്ടവൻ

കഥ

അനുഗ്രഹ എ.പി. 8A

സഹത്പതി എന്ന ഗ്രാമത്തിലെ അറിയപ്പെടുന്ന വ്യക്തിയായിരുന്നു മോഹൻസൊ അദ്ദേഹം ധനികനായിരുന്നു. മോഹൻസോവിന്റെ അയൽവാസിയായിരുന്ന അജ്ബൽ തന്റെ വീട്ടിൽ ഒറ്റയ്ക്കായിരുന്നു കഴിഞ്ഞിരുന്നത്. ഏകദേശം ഒന്നരവർഷം മുമ്പ് വരെ അജ്ബലിന് നല്ലൊരു ജോലിയുണ്ടായിരുന്നു. അദ്ദേഹം തനിക്ക് കിട്ടുന്ന ശമ്പളം മുഴുവൻ കുടിച്ചു തീർക്കുമായിരുന്നു. എന്തൊക്കെയോ പ്രശ്നങ്ങൾ കാരണം അജ്ബ ലിന്റെ ജോലിയും നഷ്ടമായി. ആ നാട്ടിലുള്ളവർക്ക് അജ്ബലിനെ ഇഷ്ടമല്ലായിരുന്നു. കാരണം അവൻ മറ്റുള്ളവരെ ഉപദ്രവിക്കാൻ ആണ് ശ്രമിച്ചിരുന്നത്. കൂടാതെ ആ നാട്ടിലെ വിശാലമായ നെൽപ്പാടങ്ങളും മറ്റും അവൻ കുടിച്ചു കൂത്താടി നശിപ്പിക്കുമായിരുന്നു. ആരെങ്കിലും അവനോട് സഹായം അഭ്യർത്ഥിച്ചാൽ അവൻ ഒരു ദയയും കാണിക്കാതെ ആട്ടിയോടിക്കുമായിരുന്നു . ഒരുനേരത്തെ അന്നം പോലും അവൻ മറ്റുള്ളവർക്കായി ഇതുവരെ സമ്മാനിച്ചിട്ടില്ല. എന്നാൽ ഇന്നവൻ ഒരുപാട് ബുദ്ധിമുട്ടുന്നുണ്ട്. ഭക്ഷണമോ വെള്ളമോ ലഭിക്കാത്ത അവസ്ഥയിലേക്ക് ഇന്ന് അജ്ബലിന്റെ ജീവിതം മാറി. അവൻ മോഹൻ സോബിനോട് സഹായം അഭ്യർത്ഥിക്കില്ലായിരുന്നു. കാരണം അജ്ബ ൽ മോഹൻ സോബി നെ ഒരു ശത്രു ആയാണ് കണ്ടിരുന്നത്. അതിനു കാരണം നാട്ടുകാർക്ക് മോഹൻ സോബി നോട് ഉള്ള അമിതമായ സ്നേഹം തന്നെയായിരുന്നു.

ഒരു രാത്രി അജ്ബലിന് വിശപ്പ് സഹിക്കാനാവാതെ അയൽവാസിയായ മോഹൻ സോബിന്റെ വീട്ടിൽ കക്കാൻ കയറി. ഭക്ഷണം തപ്പി വീട്ടിൽ കയറിയ അജ്ബൽ കണ്ടത് ഒരു പെട്ടി നിറയെ പണവും സ്വർണവും ആയിരുന്നു. അവന്റെ കണ്ണുകൾ മഞ്ഞളിച്ചു. അജ്ബ ൽ അതെല്ലാം കൈക്കലാക്കി മോഹൻസോവിനെ ദരിദ്രനാക്കാൻ ആഗ്രഹിച്ചു. ആ സമയമാണ് അജ്ബലിന്റെ കൈതട്ടി

അടുത്തിരുന്ന ഗ്ലാസ് തറയിൽ വീണത്. ആ ശബ്ദം കേട്ട് മോഹൻ സൊ ഉണർന്നു. കണ്ടത് അജ്മലിനെ ആയിരുന്നു. അജ്മലിനെ കണ്ട മോഹൻസോവിന് ഒരുപാട് വിഷമമായി. കാരണം അജ്ബൽ ഇതുവരെ മോഹൻസോവിനോട് സഹായം അഭ്യർത്ഥിച്ചിട്ടില്ല. മോഹൻസോ അവനെ ഒരു സഹോദരനെ പോലെയായിരുന്നു കണ്ടത്. അവൻ തന്റെ വീട്ടിൽ കയറി മോഷ്ടിക്കാൻ ശ്രമിച്ചത് മോഹൻസോവിന് തന്റെ ജീവൻ നിലച്ചു പോകുന്നതിനു തുല്യമായിരുന്നു. മോഹൻസോ അജ്ബലിന് വേണ്ട ഭക്ഷണവും പണവും എല്ലാം നൽകിയിട്ടു പറഞ്ഞു നിനക്ക് നിന്റെ ഇഷ്ടത്തിന് ജീവിക്കാം. പക്ഷേ അത് നിന്റെ ജീവൻ നശിപ്പിച്ചുകൊണ്ടോ മറ്റുള്ളവരുടെ ജീവൻ നശിപ്പിച്ചുകൊണ്ടോ ഒരിക്കലും ആവരുത്. ഇത് കേട്ടതും സങ്കടം സഹിക്കാനാവാതെ അജ്ബ ൽ തന്റെ വീട്ടിലേക്ക് പോയി. അവൻ തന്റെ ജോലി തിരിച്ചുപിടിച്ചു. അവൻ കാരണം അന്നം മുട്ടിയ ഓരോ കുടുംബത്തെയും കാവൽക്കാരനെ പോലെ സംരക്ഷിച്ചു. ഇന്ന് സഹത്പതി എന്ന ഗ്രാമത്തിലെ നാട്ടുകാരുടെ പ്രിയപ്പെട്ടവരിൽ ഒരാളാണ് അജ്ബലും.



# ചെവിയൻ

കഥ
പ്രാർത്ഥന പ്രവീൺ 8B

ദൂരെനിന്നും ചൂട്ട് മിന്നുന്നത് കണ്ട് അവന്റെ കണ്ണുകൾ തിളങ്ങി. വാല് രണ്ടറ്റത്തേക്കും ആട്ടാൻ തുടങ്ങി. അത് പപ്പേട്ടനാണ്. അയാൾക്ക് അകലെ ഒരു ചായക്കടയുണ്ട്. പപ്പേട്ടനും അയാളുടെ ഭാര്യയും ആണ് അത് നടത്തുന്നത്. അവിടേക്കാണ് അവരുടെ യാത്ര. പപ്പേട്ടൻ മുമ്പിലും ചെവിയൻ പിറകിലും ആയി നടന്നു. ഈ കാഴ്ച അവിടെയുള്ളവർക്ക് പരിചിതമാണ്. കുറെ നാളുകളായി ഇവരുടെ സൗഹൃദം തുടങ്ങിയിട്ട്. എന്നാലും കടയിൽ കയറാനുള്ള അനുവാദം ചെവിയന് ഇല്ല. കാരണം പപ്പേട്ടന്റെ ഭാര്യയാണ്

ആ സ്ത്രീയുടെ കണ്ണിൽപെട്ടാൽ തീർന്നു. അപ്പോൾ അവർ തുടങ്ങും

"എവിടെനിന്ന് കിട്ടി ഈ വൃത്തികെട്ട ജന്തുവിനെ എവിടുന്നായാലും അവിടെ കൊണ്ട് കളഞ്ഞോണം." അവർ പറയും.

പപ്പേട്ടൻ പറയും "പാവം! അതിന്റെ തള്ള ഏതോ വണ്ടിതട്ടി ചത്തു, അതവിടെ കിടന്നോട്ടെ. ബാക്കി വരുന്നത് എന്തെങ്കിലും കൊടുത്താ മതി."

"ഈ ജന്തു കിടക്കുന്നോണ്ടാ ഇവിടെ കച്ചവടം നടക്കാത്തത്. അപ്പുറത്ത് ആ തോമാ ചേട്ടന്റെ കട നോക്കിയേ എന്ത് കച്ചവടമാ അവിടെ".

"എടി... അതൊരു പണക്കാരന്റെ കടയാ... അവിടെ എല്ലാ സൗകര്യങ്ങളും ഉണ്ട്. പിന്നെ നീ ഒന്നോർത്തോ നമ്മുടെ കടയിൽ കള്ളൻ കയറിയപ്പോൾ ഇവനല്ലേ ഓടിച്ചത്."

"ഓ... പിന്നെ... അത് നമ്മുടെ ഭാഗ്യംകൊണ്ടാ, നോക്കിക്കോ ഒരു ദിവസം ഇതിന് ഞാൻ വിഷം കൊടുക്കും.

പിന്നെ, പപ്പേട്ടൻ ഒന്നും പറയില്ല ചെവിയന് ഇത് കാണാപാഠമാണ്.

ഓ... ഈ ചേച്ചിക്ക് എന്താ ഞാൻ ഇവിടെ കിടക്കൂല്ലേ? നിങ്ങൾ എന്തൊക്കെ പറഞ്ഞാലും പപ്പേട്ടൻ എന്നെ കയ്യൊഴിയൂല്ല"

എന്ന് ചിന്തിച്ച് അവൻ കിടക്കും.

അവർ ഒരു കൊലുന്നന്നേയുള്ളയുള്ള സ്ത്രീയാണ് ദേഷ്യം വരുമ്പോൾ അവരുടെ നീണ്ട മൂക്കും മൂക്കുത്തിയും വിറയ്ക്കും. അത് കാണാൻ നല്ല രസമാണ് ഇടയ്ക്ക് അവൻ ചിന്തിക്കും


മഴപെയ്തു തോർന്നു, പുഴകൾ വറ്റി, പൂക്കൾ വിരിഞ്ഞു കൊഴിഞ്ഞു, മഞ്ഞു വന്നു.

ചെവിയൻ കൂടുതൽ മിടുക്കനായി അതോടെ വീട്ടിലെ വഴക്കും കൂടിവന്നു. അന്ന് പതിവിനു വിപരീതമായി ആ സ്ത്രീ രാവിലെ ചിരിച്ചുകൊണ്ട് കുറച്ചു പാലുമായി വന്നു.

ഹോ... ചേച്ചിക്കും തന്നോട് സ്നേഹം വന്നല്ലോ. അവൻ വാലാട്ടി. ചെവിയൻ ആ പാല് കുടിച്ചു. അയാൾ പതിവുപോലെ ചെവിയാ' എന്ന് വിളിച്ചു അവനെ കണ്ടില്ല അയാൾ പെട്ടെന്ന് ഓടി, അപ്പോൾ എന്തോ കാലിൽ തട്ടി അയാൾ നോക്കി.

"ചെവിയാ... മോനെ... അയ്യോ ദ്രോഹി, നീ അത് ചെയ്തല്ലോ".

ജീവന്റെ നേരിയ ഭാഗം അവനിൽ ഉണ്ടായിരുന്നു. അവൻ വാലുകൾ പയ്യെ ചലിപ്പിച്ചു. ചെവി നിവർത്തി നിർത്താൻ ശ്രമിച്ചു. അപ്പോഴേക്കും ആ മിഴികൾ പതിയെ അടഞ്ഞു. അപ്പോൾ അവൻ കണ്ടു ചിരിതൂകി "മോനെ ചെവിയാ" എന്ന് വിളിച്ചു നിൽക്കുന്ന പപ്പേട്ടനെ. വാലുകളുടെ അനക്കം നിലച്ചു. സദാ കൂർത്തിരിക്കുന്ന ആ നീണ്ട ചെവികൾ മടങ്ങി. പപ്പേട്ടന്റെ കണ്ണുനീർ അവന്റെ ദേഹത്ത് ഇറ്റിറ്റ് വീണു. എടാ മോനേ ചെവിയാ...



# സ്വപ്നസാഫല്യം

**കഥ**
**സ്വാലിഹ എസ്. 8B**

സ്കൂളിലെ വേദിയിൽ ഹെഡ്മാസ്റ്റർ ടീച്ചർമാരെ ശകാരിക്കുന്നു. വേഗമാകട്ടെ ഒരുക്കങ്ങൾ എന്നുപറഞ്ഞു. ഇതുവരെ ഇല്ലാത്ത ഒരു ഉത്സാഹം ഇത്രയും വർഷങ്ങൾക്ക് ശേഷം ഹെഡ്മാസ്റ്ററിന്റെ മുഖത്ത് തെളിഞ്ഞു നിൽക്കുന്നു. എന്തായാലും പറയുന്നത് കേൾക്കാൻ അല്ലേ പറ്റൂ എന്ന് പറഞ്ഞ് അവർ വേദിയിലെ ഒരുക്കങ്ങൾ തുടർന്നു. ശേഖരൻ മാഷിന്റെ അറിയിപ്പ്,

"കുട്ടികളെ നിങ്ങൾ കാത്തിരുന്ന കളക്ടർ ഇതാ എത്തിയിരിക്കുന്നു."

എന്ന് പറഞ്ഞുകൊണ്ട് ശേഖരൻമാഷും അധ്യാപകരും വിദ്യാർത്ഥികളും കളക്ടറെ ആദരപൂർവ്വം വേദിയിലേക്ക് ക്ഷണിച്ചു. ചെണ്ടമേളവും ആർപ്പുവിളിയുമൊക്കെ കുട്ടികളുടെ മനസ്സിൽ കൗതുകമുണർത്തി. ശേഖരൻമാഷ് സ്വാഗതപ്രസംഗം നടത്തുന്നു. കുട്ടികൾ എല്ലാം ശ്രദ്ധയോടെ കേട്ടു. കുറച്ചു കഴിഞ്ഞ് കളക്ടർ പ്രസംഗിക്കാൻ വന്നു കളക്ടർ പറഞ്ഞത്

"പ്രിയ കുട്ടികളെ നിങ്ങളിൽ ഞാൻ എന്നെയാണ് കാണുന്നത്. കാരണം ഞാൻ ഇതേ സ്കൂളിൽ പഠിച്ച വിദ്യാർഥിനിയാണ്. നിങ്ങളോട് എനിക്ക് പറയാനുള്ളത് വായനയെയും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെയും പറ്റിയാണ്. പക്ഷേ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് സ്വപ്നത്തെ പറ്റിയാണ്. നമുക്കെല്ലാവർക്കും സ്വപ്നമുണ്ട് അതുപോലെ എനിക്ക് ഉണ്ടായിരുന്നു ഒരു സ്വപ്നം... ആ സ്വപ്നം ഞാൻ യാഥാർത്ഥ്യമാക്കുകയും ചെയ്തു. ഇവിടെ നിന്നുമാണ് ഈ കഥ ആരംഭിക്കുന്നത് ഈ കഥയിലേക്ക് എല്ലാവർക്കും സ്വാഗതം."

"എടീ ദേവു നീ ഇത് എവിടെ പോകുന്നു"

"അമ്മേ ഞാൻ സ്കൂളിൽ പോകുന്നു"

"അവളുടെ ഒരു സ്കൂള്! കഞ്ഞിക്ക് വകയില്ല! അപ്പഴാ അവളുടെ ഒരു പഠിത്തം! നീ ഇനി പഠിക്കാൻ ഒന്നും പോവണ്ട. ആ ബ്രോക്കർ രാധാകൃഷ്ണൻ

നിനക്കൊരു വീട്ടിൽ ജോലി ശരിയാക്കിയിട്ടുണ്ട് ഒരു ദിവസം 100 രൂപയാ കൂലി. അത്രയെങ്കിൽ അത്ര അതുകൊണ്ടെങ്കിലും വീട്ടിലെ ചെലവ് നടക്കുമല്ലോ."

"അത്... അമ്മേ എനിക്ക് പഠിക്കണം"

"നിനക്ക് പറഞ്ഞത് മനസ്സിലായില്ലേ? ഞാൻ പറഞ്ഞത് കേട്ടില്ലെങ്കിൽ എന്റെ ശവം കാണും നീ. നാളെ പോകാൻ തയ്യാറായിക്കോ."

അടുത്തദിവസം കരഞ്ഞുകൊണ്ട് ദേവു വീടിന്റെ പടിയിറങ്ങി കൂടെ ദേവൂന്റെ പുസ്തകങ്ങളും. ദേവു ചെന്ന ആ വലിയ വീട്ടിലെ ജോലി മുഴുവൻ അവൾക്കായിരുന്നു. ഒരാളും സഹായിക്കാൻ ഇല്ല. ഓരോ ദിവസം കഴിയുംതോറും ദേവു ക്ഷീണിച്ചിരുന്നു. അപ്പോഴാണ് സ്കൂളിൽ പരീക്ഷ നടത്തിയതിന്റെ മാർക്കുകൾ നോക്കുന്നതിനിടയ്ക്ക് ശേഖരൻമാഷ് പറഞ്ഞു.

"ഒന്നിലും ദേവൂന്റെ പേപ്പർ കാണാനില്ല."

അപ്പോഴാണ് ലത ടീച്ചർ പറയുന്നത്

"നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു. പക്ഷേ ആ കുട്ടിയുടെ പേപ്പർ എന്റെ കയ്യിലും കിട്ടിയില്ല. ഇനി ചിലപ്പോൾ ആ കുട്ടി പരീക്ഷ എഴുതി കാണില്ല."

പക്ഷേ എന്തൊക്കെയാണെങ്കിലും ശേഖരൻമാഷ് ദേവുവിന്റെ വീട്ടിൽ പോയി കാര്യം തിരക്കിയപ്പോൾ ദേവുവിന്റെ അമ്മ പറഞ്ഞത് അവളെ ഇനി പഠിപ്പിക്കുന്നില്ല എന്നാണ്. അവളെ വീട്ടുജോലിക്ക് വിടുകയാണ് പോലും.

"നിങ്ങൾ ഒരിക്കലും ഇങ്ങനെ ചെയ്യരുത് നല്ല കഴിവുള്ള കുട്ടിയാണ് ദേവു അവളെ പഠിപ്പിക്കണം. അവൾ ഉയർന്ന നിലയിൽ എത്തും..." ശേഖരൻമാഷിന്റെ മറുപടി.

"നല്ല കഴിവ് മാത്രം പോരല്ലോ സാമ്പത്തികവും വേണ്ടേ"

അത് കേട്ടപ്പോൾ ശേഖരൻ മാഷിന് ദേഷ്യം വന്നു.

"നിങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല. ആ കൊച്ചിന്റെ തലവിധി" എന്നും പറഞ്ഞ് മാഷ് ഇറങ്ങിപ്പോയി.

വീട്ടിൽ ദേവു തന്റെ പുസ്തകം എടുത്ത് തലോടിക്കൊണ്ട് പറഞ്ഞു.

"എന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയില്ലല്ലോ."

അപ്പോഴാണ് ആ വീട്ടിലെ സ്ത്രീ ദേവുവിനെ വിളിച്ചത്

"ജോലിയെല്ലാം തീർത്തോടി?"

"ഇല്ല കൊച്ചമ്മേ ഇനി തറ കൂടി തുടയ്ക്കണം" ദേവു ഭയത്തോടെ പറഞ്ഞു

"അതിനി ഞാൻ വന്നു തുടക്കണോ? വേഗമാകട്ടെ അവൾ നോക്കിക്കൊണ്ടിരിക്കുവാ ഒന്നും ചെയ്യാതെ. ഹും..." ദേവു കരഞ്ഞുകൊണ്ട് തറ തുടച്ചു.

ഒരു ദിവസം ദേവുവിന്റെ അമ്മ എല്ലാം അടുക്കിപ്പറക്കിവയ്ക്കുന്നു. എന്താണ് കാര്യമെന്ന് ദേവുവിന് മനസ്സിലായില്ല.

"എന്താണ് അമ്മ അവിടെ അടുക്കി വയ്ക്കുന്നത്?"

"നിന്നെ ഇന്ന് ഒരു കൂട്ടർ പെണ്ണ് കാണാൻ വരുന്നുണ്ട്. പെട്ടെന്ന് ആവട്ടെ നീ പോയി ഒരുങ്ങി നിൽക്ക്. ഇപ്പോൾ അവർ എത്തും." അമ്മ പറഞ്ഞു.

"അമ്മേ, എനിക്ക് കല്യാണം ഒന്നും വേണ്ട."

"അതു നീയല്ല തീരുമാനിക്കുന്നത്." അമ്മ ദേഷ്യപ്പെട്ടു.

ഇതേസമയം സ്കൂളിൽ മീറ്റിംഗ് നടത്തിയപ്പോൾ ദേവിനെക്കുറിച്ചായിരുന്നു ചർച്ച. ദേവുവിനെ പഠിപ്പിക്കണം എന്നായിരുന്നു എല്ലാവരുടെയും നിലപാട്. അങ്ങനെ എല്ലാവരും ദേവന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചു. ദേവുവിന്റെ വീട്ടിൽ അവളെ കാണാനായി ചെക്കനും അമ്മാവനും വന്നു. ചെക്കന് ദേവൂനെ ഇഷ്ടപ്പെട്ടു.

"അപ്പൊ വാക്കു ഉറപ്പിക്കാലോ..."

"വാക്കുറപ്പിക്കാൻ വരട്ടെ..."

അപ്പോഴാണ് സ്കൂളിൽനിന്നും അധ്യാപകർ വന്നത്. ശേഖരൻ മാഷ് പറഞ്ഞു

"വാക്കുറപ്പിക്കാൻ വരട്ടെ, പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ജോലിക്ക് വിടുകയും ശൈശവ വിവാഹം നടത്തുകയും ചെയ്യുന്നതിന് കിട്ടുന്ന ശിക്ഷ എന്താണെന്ന് അറിയാമോ?"

അവർ മാഷിന്റെ ചോദ്യത്തിന് ഉത്തരം നൽകാനാകാതെ അവിടെനിന്ന് ഇറങ്ങി. ദേവു ആശ്വാസത്തോടെ നിന്നു. ദേവുവിന്റെ അമ്മ ചോദിച്ചു

"നിങ്ങൾ എന്തിനാ ഇപ്പോൾ ഇങ്ങോട്ട് വന്നത്?"

ദേവു : അമ്മേ എന്റെ അധ്യാപകരോടും ഇങ്ങനെ ഒന്നും...

അമ്മ : നീ മിണ്ടാതിരി

മാഷ് : ദേവുവിനെ പഠിപ്പിക്കണം എന്ന് പറയാനാണ് ഞങ്ങൾ വന്നത്.

അമ്മ: അത് നടക്കില്ല എന്ന് ഞാൻ പറഞ്ഞതല്ലേ.

ശേഖരൻ മാഷ് പറഞ്ഞു

"നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് ക്രൂരതയാണ് അത് നിങ്ങൾ മനസ്സിലാക്കുന്നില്ല. ശരിയോ തെറ്റോ?"

"ഞാനെന്റെ മകളുടെ ഭാവി മാത്രമേ ചിന്തിച്ചിട്ടുള്ളൂ."

"ഇങ്ങനെയാണോ നിങ്ങളുടെ മകളുടെ ഭാവി തീരുമാനിക്കുന്നത്? ഒരു വൃദ്ധനെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ പോയത്? നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം ദേവൂട്ടിയെ പോലുള്ള കുട്ടികൾ ഈ സമൂഹത്തിന്റെ വാഗ്ദാനമാണ്. നിങ്ങൾ ചെയ്ത തെറ്റിന് നിങ്ങൾക്കെതിരെ കോടതിയിൽ കേസ് കൊടുക്കാവുന്നതാണ് പക്ഷേ ഞങ്ങൾ അത് ചെയ്യാത്തത് ദേവുവിനെ പറ്റി ഓർത്തത് കൊണ്ടാണ്."

കുറ്റബോധം കൊണ്ട് ദേവുവിന്റെ അമ്മ പറഞ്ഞു.

"ദേവു മോളെ, ഈ അമ്മയോട് ക്ഷമിക്കണം. മാഷേ, നിങ്ങളാണ് എന്റെ കണ്ണ് തുറപ്പിച്ചത്. നന്ദി ഇനി ഞാൻ എത്ര കഷ്ടപ്പെട്ടാലും മോളെ പഠിപ്പിക്കാം."

"ഞങ്ങളാൽ ആവുന്നത് ഞങ്ങളും സഹായിക്കാം." എന്ന് പറഞ്ഞ് അവർ അവിടെനിന്നും മടങ്ങി.

മോളെ കെട്ടിപ്പിടിച്ച് അമ്മ പൊട്ടിക്കരഞ്ഞു.

കഥ പറഞ്ഞു കഴിഞ്ഞു...

വേദി നിശബ്ദം എല്ലാവരുടെയും കണ്ണു നിറഞ്ഞു നിൽക്കുന്നു. വേദിയിലിരുന്ന ഒരു സ്ത്രീയെ സ്റ്റേജിലേക്ക് കളക്ടർ വിളിക്കുന്നു. അർബുദരോഗം ബാധിച്ച ആ സ്ത്രീയെ നെഞ്ചോട് ചേർത്ത്,

"അമ്മ! എന്റെ ജീവിതം തിരികെ തന്ന എന്റെ അമ്മ! അന്ന് എന്നെ പഠിപ്പിക്കാൻ കഷ്ടപ്പെട്ട അമ്മയ്ക്ക് താങ്ങായി തണലായി, സ്വന്തം കാലിൽനിന്ന് എന്റെ

അമ്മയെ ഞാൻ ശുശ്രൂഷിക്കുന്നു. അർബുദരോഗം ബാധിച്ച എന്റെ അമ്മയ്ക്ക് ആശ്വാസം നൽകി അടുത്തിരിക്കാൻ എനിക്ക് കഴിയുന്നു. ഇങ്ങനെയൊക്കെയായിരുന്നു എന്റെ സ്വപ്നം സഫലമായത്. അതുപോലെ നിങ്ങൾക്കും ഒരു സ്വപ്നമുണ്ട് അതിലേക്ക് എത്തിച്ചേരാൻ ശ്രമിക്കുക." എന്ന് ആശംസിച്ചുകൊണ്ട് കളക്ടർ ദേവു, അല്ല ദേവിക.

പുതിയ വായനശാല ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ ഒരേ സ്വരത്തിൽ കയ്യടിച്ചു. കളക്ടർ വിടവാങ്ങി. അപ്പോഴും നിറഞ്ഞൊഴുകിയ കണ്ണുനീർ തുടച്ച് നെഞ്ചോട് ചേർത്ത് അമ്മയെ സമാധാനിപ്പിക്കുമ്പോഴും ആ ഹൃദയം വിങ്ങുന്നുണ്ടായിരുന്നു...



# ഏട്ടൻ

കഥ
അസ്ര സിയാദ് 8C

"ഓടിക്കോ... അപ്പുറത്തെ കെട്ടിടത്തിലെ കുട്ടികളുടെ ബഹളം കേട്ടപ്പോൾത്തന്നെ മീനുവിന് മനസ്സിലായി ചേട്ടൻ വന്നിട്ടുണ്ട്. ഒരാഴ്ചയായി പനിയായതുകൊണ്ട് മീനുവിന്റെ ഏട്ടൻ സ്കൂളിൽ വരാറില്ലായിരുന്നു. ചേട്ടനോടൊപ്പം അമ്മയും സ്കൂളിൽ വരാറുണ്ട്. അല്ലെങ്കിൽത്തന്നെ തനിയെ ഒരു ഗ്ലാസ് വെള്ളം പോലും കുടിക്കാൻ കഴിയാത്ത ഏട്ടനോടൊപ്പം അമ്മ എപ്പോഴും വേണമല്ലോ. മറ്റുള്ള കുട്ടികൾ ഏട്ടനെ കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ ആദ്യമൊക്കെ സങ്കടമായിരുന്നു. സീതയുടെയും ഐഷയുടെയും ഏട്ടൻമാരെ പോലെയല്ലല്ലോ തന്റെ ഏട്ടൻ. അവരുടെ ഏട്ടന്മാർ അവരെ സൈക്കിളിൽ ചുറ്റാൻ കൊണ്ടുപോകും. പടം വരയ്ക്കാൻ സഹായിക്കും, വഴക്കിടും, മോളെ എന്ന് വിളിച്ചു കൊഞ്ചിക്കും. തന്റെ ഏട്ടൻ മാത്രം എപ്പോഴും ബഹളം വയ്ക്കും.

അമ്മയുടെ സങ്കടം കാണുമ്പോൾ ആദ്യമൊക്കെ ഏട്ടനോട് ദേഷ്യമായിരുന്നു. പക്ഷേ പിന്നീടാണ് ഏട്ടന്റെ അവസ്ഥയെക്കുറിച്ച് ക്ലാസ്സ്ടീച്ചർ തന്നോട് വിശദമായി പറഞ്ഞത്. അതിനുശേഷം ഏട്ടനോടുള്ള തന്റെ ദേഷ്യം ഇല്ലാതായി. ഏട്ടനോട് കൂടുതൽ അടുക്കാൻ ശ്രമിച്ചു. ഇപ്പോൾ തന്നോടും ഏട്ടന് വലിയ കാര്യമാണ്. വല്ലാതെ ബഹളം വയ്ക്കുമ്പോൾ ഏട്ടനെ ശാന്തമാക്കാൻ അമ്മതന്നെയാണ് വിളിക്കുന്നത്. ഏട്ടാ........എന്നൊരു വിളിയിൽ ബഹളം എല്ലാം മാറ്റി ഏട്ടൻ നല്ല കുട്ടിയാകും. തന്നെ നോക്കി സ്നേഹത്തോടെ ചിരിക്കും ഇപ്പോൾ സീതയോടും ആയിഷയോടും മീനുവിന് അസൂയ ഇല്ല. ഇന്റർവെൽ സമയത്ത് മൂവരും കൂടി ഒരുമിച്ചാണ് തന്റെ ഏട്ടനെ കാണാൻ ഏട്ടന്റെ ക്ലാസിലേക്ക് പോകുന്നത്. ഏട്ടനെ കണ്ട് കവിളിൽ ഒരു ഉമ്മ കൊടുത്ത് തിരിച്ചു വരുമ്പോൾ മീനൂ ഒന്നുകൂടി തിരിഞ്ഞു നോക്കും. അപ്പോൾ ഏട്ടന്റെ ചിരിയിൽ കുഞ്ഞു പെങ്ങളോട് കടലോളം സ്നേഹം ഉണ്ടെന്ന് മീനുവിന് തോന്നും

# ലഹരിപ്പൂട്ട്

കഥ
അനഘ ആർ. ഡി. 8B

ഒരു ദിവസം ഉച്ചസമയം ഒരു കുട്ടിയെ അധ്യാപകൻ ക്ലാസ് മുറിയിൽനിന്നും പുറത്തിറക്കി നിർത്തിയിരിക്കുന്നത് കണ്ട ഒരു രക്ഷിതാവ് അവന്റെ അടുത്ത് കാര്യം തിരക്കി. ആ രക്ഷിതാവ് അവനിൽ കണ്ടത് ദേഷ്യംകൊണ്ട് ശരീരം വിറയ്ക്കുകയും കണ്ണുകൾ ചുവന്ന കലങ്ങി ഇരിക്കുന്നതും ദേഹം മുഴുവനും മുറിഞ്ഞ് രക്തം പൊടിയുന്നതും ആണ്. ഇതുകണ്ട് അവർ പ്രധാന അധ്യാപികയുടെ അടുത്ത് കാര്യം അന്വേഷിച്ചു. ക്ലാസിൽ ഇരിക്കുമ്പോൾ അവൻ അവന്റെ സ്വന്തം ശരീരം കീറി മാന്തി ക്ലാസിൽ ശ്രദ്ധിക്കാതിരിക്കുകയും അടുത്തിരിക്കുന്ന കുട്ടികളെ ഉപദ്രവിക്കുകയും ചെയ്തു. അതുകൊണ്ടാണ് അവനെ വെളിയിൽ നിർത്തിയിരിക്കുന്നത്. അവന്റെ അമ്മയെ കാര്യം അറിയിച്ചിട്ടുണ്ട് എന്ന് അധ്യാപിക പറഞ്ഞു. അധ്യാപിക ഇതു പറഞ്ഞുതീർന്നതും അവന്റെ അമ്മ അവിടെ എത്തി. ആ അമ്മ അവന്റെ ഈ കാഴ്ച കണ്ടു  തേങ്ങിക്കരഞ്ഞ് അവനെ ഒരുവിധത്തിൽ ആശുപത്രിയിൽ എത്തിച്ചു. അവനെ ചികിത്സിച്ച ഡോക്ടർ ഞെട്ടലോടെ പറഞ്ഞു അവൻ ലഹരിക്കടിമയാണ്. ഒരു നേരം ലഹരി കിട്ടാത്തത് കൊണ്ടാണ് അവൻ ഇങ്ങനെയൊക്കെ ചെയ്തത്. ഇത് കേട്ടതും അവന്റെ അമ്മ ഹൃദയം പൊട്ടുന്ന വേദനയോടെ അവനെ ഒന്ന് നോക്കി. ഇത് ഒരു അസുഖമാണ്. ഇത് ഈ അസുഖത്തിന്റെ അവസാന ഘട്ടത്തിലാണ്. അതുകൊണ്ട് അവനെ രക്ഷിക്കാൻ സാധ്യത വളരെ കുറവാണ്. പിറ്റേന്ന് രാവിലെ അവന്റെ അമ്മ അവന്റെ മുറിയിൽ വന്നു നോക്കിയപ്പോൾ തണുത്ത് വിറച്ച് ജീവനറ്റ ശരീരം ആ മരക്കട്ടിലിൽ കിടക്കുന്നു. അവന്റെ അമ്മ ജീവച്ഛവംപോലെ ഇതുകണ്ടു നിൽക്കുകയാണ്. ഒരു കുട്ടിയുടെ ജീവിതത്തിൽ ലഹരി എത്രത്തോളം ആപത്താണ് വരുത്തിയതെന്ന് നാം എപ്പോഴും മനസ്സിലാക്കണം. ലഹരി ആപത്താണ്.

# കോൺ കണക്ക്

**കവിത**
**കൃതി കെ. 8. A**

ഓരോ ബഹുഭു ജത്തിങ്കലും കാണുന്ന
ആന്തര കോണുകൾ തൻ തുക ചെന്നിടാം
ഓരോ ഭുജങ്ങൾ കൂടുന്തോറും നൂറ്റെൺ
പതോരോ തുകയോടും കൂട്ടിയിടണം
മൂന്നുകോൺ ചേർന്നാൽ ത്രികോണമായി
മൂന്നിന്റെയും തുക നൂറ്റെൺപത്
നാലുകോൺ ചേർന്നാൽ ചതുരം
നാലിന്റെയും തുക മുന്നൂറ്ററുപത്.
അഞ്ചു കോൺ ചേർന്നത് പഞ്ചഭുജം
അഞ്ചും കൂടിയാൽ അഞ്ഞൂറ്റിനാൽപത്.
ആറു കോൺ ചേരുകിൽ ഷഡ്ഭുജം
ആറിന്റെയും തുക എഴുന്നൂറ്റിരുപത്.
സപ്തഭുജത്തിലുണ്ട് ഏഴ് കോൺ
ഏഴ് കോണിന്റെയും തുക തൊള്ളായിരം.
അഷ്ടഭുജത്തിലെ കോണുകൾ ചേർന്നാൽ
ആയിരത്തെൺപത് തുക
നവഭുജം തന്നിലെ കോൺ കൂട്ടിയാൽ
ആയിരത്തിരുനൂറ്റി അറുപത് ആണ്
ആയിരം നാണൂറും നാൽപ്പതും
പത്തുകോണുള്ള നവഭുജത്തിൽ
സർവ്വ ബഹുഭുജത്തിന്റെയും ബാഹ്യമാം
കോണുകൾ തൻ തുക മുന്നൂറ്ററുപത്



# ചിത്രശലഭങ്ങൾ

**കഥ**
**രഞ്ജിമ ആർ.മനോജ്. 8B**

ഒരു ചെറിയ ഗ്രാമപ്രദേശം അവിടെ വയലുകളും പുഴകളും എല്ലാമുള്ള നല്ല പ്രകൃതിമനോഹരമായ പ്രദേശം. അവിടെ ഒരു ചെറിയ കുടുംബത്തിലാണ് സൗമ്യയും സുമയും അച്ഛനും അമ്മയും കഴിയുന്നത്. സൗമ്യക്കും സുമയ്ക്കും ഒരു വയസ്സിന്റെ വ്യത്യാസമാണുള്ളത് അവർ രണ്ടുപേരും നല്ലപോലെ പഠിക്കുമായിരുന്നു പക്ഷേ അവർ സാമ്പത്തികമായും ബുദ്ധിമുട്ടിയിരുന്നു. അവരുടെ അച്ഛനും അമ്മയ്ക്കും മക്കളെ നല്ല രീതിയിൽ പഠിപ്പിച്ച് ജോലി വാങ്ങിച്ച് നല്ലനിലയിൽ എത്തിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ അതിനുള്ള വരുമാനം അവർക്കില്ലായിരുന്നു. അച്ഛന് ശ്വാസംമുട്ട് പോലുള്ള അസുഖം ഉള്ളതുകൊണ്ട് ചെറിയ ജോലി മാത്രമേ ചെയ്യാൻ പറ്റുമായിരുന്നുള്ളൂ. അമ്മ വീട്ടുജോലിക്ക് പോകുമായിരുന്നു. അങ്ങനെ രണ്ടുപേർക്കും കിട്ടുന്ന പണം മിച്ചംപിടിച്ചായിരുന്നു അവർ മക്കളുടെ പഠനം നടത്തിയിരുന്നത്. കുട്ടികൾക്ക് ഒരു വരുമാനമായി കഴിഞ്ഞാൽ വീട്ടിലെ കഷ്ടപ്പാടും കുറഞ്ഞു കിട്ടും. അതിനാൽ അവരെ നല്ലപോലെ പഠിപ്പിക്കാൻ അച്ഛനും അമ്മയും ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. ഇവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടും അറിഞ്ഞ് ഇവർ പഠിക്കുന്ന കോളേജിലെ മാനേജ്മെന്റ് കുട്ടികൾക്ക് ഫീസ് ഇളവ് ചെയ്തു കൊടുത്തിരുന്നു. അങ്ങനെ അവർ കോളേജ് പഠനം പൂർത്തിയാക്കിയിരുന്നു. അമ്മയ്ക്ക് ശരീരം മുഴുവൻ വേദനയും നീരും വന്ന് കിടപ്പിലായി. കുട്ടികളും അച്ഛനും വിഷമത്തിലായി. സുമയെ പഠിപ്പിക്കാൻ വിട്ടിട്ട് സൗമ്യ അമ്മയുടെ കാര്യങ്ങൾ നോക്കാൻ തുടങ്ങി. അച്ഛന് കിട്ടുന്ന പണം ഒന്നിനും തികയാതെയായി അമ്മയ്ക്ക് ആശുപത്രിയിൽ തന്നെ ഒരുപാട് പണം നൽകേണ്ടി വന്നപ്പോൾ അച്ഛനും മക്കളും കൂടി വീടിരിക്കുന്ന 5 സെന്റ് സ്ഥലം പണയപ്പെടുത്തി പണം വാങ്ങിച്ചു. അമ്മയെ ചികിത്സിക്കാൻ തുടങ്ങി. താമസിയാതെ അവരുടെ അമ്മ മരിച്ചു. അവർക്കത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അച്ഛൻ ആകെ വിഷമത്തിലായി. ഇനി മക്കളെ എങ്ങനെ പഠിപ്പിക്കും. വീട്ടിലെ കാര്യങ്ങൾ എങ്ങനെ

നടക്കും? വീടും പണയത്തിലായി എന്നുള്ള ചിന്തകൾ അച്ഛന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അച്ഛൻ മക്കളോട് ഇക്കാര്യം സംസാരിച്ചു അപ്പോൾ സുമ പറഞ്ഞു എന്നാൽ നമുക്ക് ഒരു ചായക്കട തുടങ്ങാം, പക്ഷേ അതിനും പണം വേണ്ടേ. അവർ പലരോടും കടം ചോദിച്ചു. ആരും കൊടുത്തില്ല. സൗമ്യയുടെ കൂട്ടുകാരിയോട് ഇക്കാര്യം അവൾ സംസാരിച്ചപ്പോൾ അവളുടെ അമ്മ അവൾക്ക് കുറച്ച് പണം കടം കൊടുത്തു. അതുകൊണ്ട് അവർ ചായക്കട തുടങ്ങി. അവർ പ്രതീക്ഷിച്ചതിനുമപ്പുറം നല്ല വരുമാനം വന്നു തുടങ്ങി. അവർ ആ ചായക്കട നല്ലൊരു ഹോട്ടലാക്കി പണിതു. അങ്ങനെ അവർ സാമ്പത്തികമായി കുറച്ചൊക്കെ മെച്ചപ്പെട്ടു തുടങ്ങി. പണയംവെച്ച വീട് തിരിച്ചെടുത്തു. സൗമ്യയുടെ കൂട്ടുകാരുടെ കയ്യിൽ നിന്നും വാങ്ങിയ പണം തിരികെ കൊടുത്തു. അച്ഛൻ കുട്ടികളോട് ഒരു ദിവസം പറഞ്ഞു. ഇങ്ങനെ ഹോട്ടൽ മാത്രം നോക്കി നടത്തിയാൽ പോരാ. നിങ്ങൾ പഠിച്ച് ജോലി വാങ്ങണം. അതുകൊണ്ട് നിങ്ങൾ ഇനിയും പഠിക്കണം. ഇപ്പോൾ കിട്ടുന്ന പണം പഠനചിലവിന് എടുക്കാം. സുമയും സൗമ്യയും വീണ്ടും പഠിക്കാൻ തുടങ്ങി ഇവർ പഠിക്കുന്നത് കാരണം ഹോട്ടലിൽ ജോലിക്കാരെ നിർത്തി. അവർ നല്ലപോലെ പഠിച്ചതിന്റെ ഫലം അവർക്ക് തന്നെ ലഭിച്ചു. അവർക്ക് നല്ല ജോലി കിട്ടി. ഒരാൾക്ക് ഡോക്ടർ ആയിട്ടും ഒരാൾക്ക് ടീച്ചർ ആയിട്ടും കിട്ടി. മകൾക്ക് നല്ല നല്ല കല്യാണ ആലോചനകൾ വന്നു. നല്ല ആൺകുട്ടികളെ കൊണ്ട് നിങ്ങളുടെ വിവാഹം നടത്തണം. ഇല്ലെങ്കിൽ അച്ഛൻ മരിച്ചു പോയാൽ നിങ്ങളുടെ കാര്യം ആര് നോക്കും, നിങ്ങളുടെ കല്യാണം ആര് നടത്തും. അപ്പോൾ അവർ പറഞ്ഞു. അച്ഛൻ ആവശ്യമില്ലാത്ത കാര്യങ്ങൾ ആലോചിക്കാതെ സന്തോഷമായി ഇരിക്ക്. അങ്ങനെ അച്ഛൻ പറഞ്ഞതുപോലെ നല്ല രണ്ട് ആൺകുട്ടികളെ കൊണ്ട് കല്യാണം കഴിപ്പിച്ചു. സുമയെ അവൾ പഠിപ്പിക്കുന്ന സ്കൂളിലെ ഒരു സാറാണ് കല്യാണം കഴിച്ചത്. സൗമ്യയെ ഒരു പോലീസുകാരനാണ് വിവാഹം കഴിച്ചത്. അച്ഛൻ തനിച്ചായതു കൊണ്ട് സുമയും അവളുടെ ഭർത്താവും കൂടി അച്ഛനെ നോക്കാൻ വീട്ടിൽ വന്നു. സൗമ്യ ഭർത്താവിന്റെ വീട്ടിൽ ആണ് താമസിക്കുന്നത്. അവർ രണ്ടുപേരും വളരെ സന്തോഷത്തിലാണ് ജീവിക്കുന്നത്. അവരെ ഓർത്ത് അച്ഛന് അഭിമാനമാണ് ഉള്ളത്. അങ്ങനെ ആ കുടുംബം സന്തോഷത്തോടെ ജീവിച്ചു.

# സ്കൂൾ വാർത്തകൾ.......മികവുകൾ....

## ടാലന്റ് ലാബ്











ഗവ. ഹയർ സെക്കന്ററി സ്കൂൾ കൊടുവഴന്നൂർ
കിളിമാനൂർ ഉപജില്ലാ ശാസ്ത്രോത്സവം
UP തലം
ഗണിതമേള
പാർവതി
Puzzle
എ ഗ്രേഡ്
സിദ്ധാർഥ്
Still Model
എ ഗ്രേഡ്
ആദിത്യ
Number Chart
എ ഗ്രേഡ്
അൻസിൽ
Geometrical Chart
എ ഗ്രേഡ്
എലന
Game
ബി ഗ്രേഡ്
സാമൂഹ്യശാസ്ത്രമേള
സാന്ദ്ര & ആദിത്യൻ
Still Model
എ ഗ്രേഡ്
ഇർഫാൻ
Elocution
ബി ഗ്രേഡ്
നാഫിയ & നൗഫിയ
Working Model
സി ഗ്രേഡ്
ശാസ്ത്രമേള
ഐ ടി മേള
കാശിനാഥ് & സെയ്ൻ
Improvised Experiment
ബി ഗ്രേഡ്
ശരൺ & രോഹിത്
Still Model
ബി ഗ്രേഡ്
അനുരഞ്ജ്
Digital Painting
സി ഗ്രേഡ്
പ്രവൃത്തി പരിചയമേള
അഭിനന്ദ്
Wood Work
മൂന്നാം സ്ഥാനം
എ ഗ്രേഡ്
മിഥിലേഷ്
Book Binding
ബി ഗ്രേഡ്
സഫ്‌വാൻ
Vegetable Printing
ബി ഗ്രേഡ്
അഭിരാം
Agarbathi Making
ബി ഗ്രേഡ്
ഹാദിയ
Paper Craft
സി ഗ്രേഡ്
ആരതി
Product using waste materials
സി ഗ്രേഡ്
ഞങ്ങളുടെ ചുണക്കുട്ടികൾക്ക് അഭിനന്ദനങ്ങൾ...


ഗവ. ഹയർസെക്കന്ററി സ്കൂൾ
കൊടുവഴന്നൂർ
കൊടുവഴന്നൂർ.പി.ഒ, ഫോൺ: 0470 2678045
Email:ghskdr@gmail.com, Blog: ghsskdr.blogspot.com
അനന്യ. A. A
അഷ്ടമി. A R
ആർച്ച.A.J
അൻവിക ലാൽ A.J
ഗൗരിനന്ദ.A.V
അക്ഷര.S.R
2023 LSS പരീക്ഷ
വിജയികൾക്ക് അഭിനന്ദനങ്ങൾ


ഗവ. എച്ച്.എസ്.എസ് കൊടുവഴന്നൂർ
അനസൂയ പി രാജ്
ഉത്തര നായർ
അക്ഷയ് കൃഷ്ണൻ
സാവന്ത്
പുണ്യ
2023 USS പരീക്ഷയിൽ
തിളക്കമാർന്ന വിജയം
ഞങ്ങളുടെ ചുണക്കുട്ടികൾക്ക്
അഭിനന്ദനങ്ങൾ


ഗവ.ഹയർസെക്കന്ററി സ്കൂൾ കൊടുവഴന്നൂർ
NMMS വിജയികൾ (2022 - '23)
ANURAG B
AROMAL S
AVANI R
MANJIMA M R
NIRANJANA S NAIR
NIVEDHITHA N S
PRARTHANA S
SUBUHANA A N
NMM സ്കോളർഷിപ്പ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ നേടിയ വിദ്യാലയം
2023 – '24 അധ്യയന വർഷത്തേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു....
ക്ലാസ്സുകൾ:LKG,UKG, 1 to 10(മലയാളം & ഇംഗ്ലീഷ് മീഡിയം)
അഭിനന്ദനങ്ങൾ..........
സ്റ്റാഫ്,പി ടി എ & എസ് എം സി


കൊടുവഴന്നൂർ ഗവ.ഹയർസെക്കൻഡറി സ്കൂൾ
എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അഭിജ.സി,അഭിനവ് കെ,അദിത്യ എ.എൽ,അക്ഷിജ എ.ബി,അന്ന ജോസ്,ആസിയ ജെ.എച്ച്,ദുർഗ എം,ഇഷിത.എസ്.ബി,ജുമാന എസ്.എസ്,.പാർവതി ബി.കെ,രാജേഷ് രാജൻ,രാജ് വെങ്കടേഷ്,രേവതി പി.എസ്,സൈറ നിസാർ,ശിവാമൃത് എ.എം,ശിവപ്രിയ എസ്.എസ്, സൗരവ് ആർ.എസ്,വസുദേവ് എസ്.


തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്
ഗവ:ഹയർസെക്കൻഡറി സ്കൂൾ. കൊടുവഴന്നൂർ





# ഫ്രീഡം ഫെസ്റ്റ്














# ഗാന്ധിദർശൻ




SWADESHI
WASHING SOAP
TOILET
BATH ROOM
WASH BASIN
FLOOR WASH















## മില്ലെറ്റ് ഫെസ്റ്റ്











## ലിറ്റിൽകൈറ്റ്സ്

# ഗവഃഹയർസെക്കന്ററി സ്കൂൾ കൊടുവഴന്നൂർ

Ph:04702678045 Gmail:ghskdr@gmail.com
Blog:ghsskdr.blogspot.in

